കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

ഫോൺ: 0471-2311215, 6238170312 Email: kswcfc@gmail.com Website: www.kswcfc.org

സമുന്നതി ഇ-യാത്ര (2026-27) -

വനിതകൾക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിനുള്ള മൂലധന സബ്സിഡി പദ്ധതിയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

സംസ്ഥാനത്തെ സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകളുടെ തൊഴിലിനും വരുമാനത്തിനും മുൻതൂക്കം നൽകി അവരുടെ ജീവനോപാധി കണ്ടെത്തുന്നതിലേക്കായി അവരെ പ്രാപ്തരാക്കി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ, '**സമുന്നതി-ഇ- യാത്ര**' (2026-27) പദ്ധതിയുടെ കീഴിൽ, വനിതകൾക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിന്, മൂലധനസബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതിയിലേയ്ക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള പൊതുനിബന്ധനകൾ:

1) അപേക്ഷകർ കേരള സംസ്ഥാനത്തിലെ സംവരണേതര വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരാകണം. (വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് ഹാജരാക്കേണ്ടതാണ്.)
2) അപേക്ഷകരുടെ പ്രായം 01/01/2026 ൽ 50 വയസ്സിന് താഴെ ആയിരിക്കണം. (SSLC/Birth സർട്ടിഫിക്കറ്റ് നിർബന്ധമായും ഹാജരാക്കേണ്ടതാണ്)
3) അപേക്ഷകർക്ക് അപേക്ഷാ കാലയളവിൽ സാധുതയുള്ള LMV Driving License ഉണ്ടായിരിക്കേണ്ടതും ആയതിന്റെ പകർപ്പ് അപേക്ഷയോടൊപ്പം നിർബന്ധമായും ഹാജരാക്കേണ്ടതുമാണ്.
4) അപേക്ഷകരുടെ **കുടുംബ വാർഷിക വരുമാനം** എല്ലാ മാർഗ്ഗങ്ങളിൽ നിന്നും **നാല് ലക്ഷം** (4,00,000/-) രൂപ കവിയാൻ പാടുള്ളതല്ല. (വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്).
5) കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് അപേക്ഷകരുടെയോ അപേക്ഷകർ ഉൾപ്പെട്ട റേഷൻകാർഡിൽ അംഗമായ അടുത്ത ബന്ധുവിന്റെയോ പേരിലോ ആയിരിക്കണം. (***വ്യക്തിഗത വാർഷിക വരുമാന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല).***
6) പുതിയ റേഷൻ കാർഡ് (സിവിൽ സപ്ലൈസ് വകുപ്പ് മുഖേന ഏറ്റവും ഒടുവിൽ ലഭ്യമായിട്ടുള്ളത്) നിർബന്ധമായും ഹാജരാക്കേണ്ടതാണ്

7) ഒരു കുടുംബത്തിലെ ഒരു വ്യക്തിക്ക് മാത്രമേ (റേഷൻ കാർഡിന്റെ അടിസ്ഥാന ത്തിൽ) ടി പദ്ധതി പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിന് അർഹതയുണ്ടായിരിക്കുക യുള്ളൂ. ഒരു കുടുംബത്തിലെ ഒന്നിൽ കൂടുതൽ വ്യക്തികൾ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ ടി വ്യക്തികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കു ന്നതായിരിക്കും.

8) **പദ്ധതിക്കായി സമർപ്പിക്കേണ്ട രേഖകൾ/സർട്ടിഫിക്കറ്റുകളിൽ അപേക്ഷകരുടെ പേര് വിവരമടക്കമുള്ളവയിൽ വ്യത്യാസമുള്ള പക്ഷം, ആയത് പരിഹരിക്കുന്നതിന് അർഹമായ 'One & the Same സർട്ടിഫിക്കറ്റ്' അപേക്ഷയോടൊപ്പം നിർബന്ധ മായും ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത്തരം വ്യത്യാസങ്ങളടങ്ങുന്ന രേഖകൾ/ സർട്ടിഫിക്കറ്റുകൾ ഉൾക്കൊള്ളുന്ന അപേക്ഷകൾ നിരസിക്കപ്പെടുന്നതാ ണ്.**

9) Dhanlaxmi ബാങ്ക് മുഖേനയാണ് വ്യക്തിഗത വായ്പ ലഭ്യമാക്കുക.

10) വായ്പ അനുവദിക്കുന്നതും, വായ്പാ തുകയ്ക്കാവശ്യമായ ജാമ്യവസ്തു (Collateral Security) സംബന്ധിച്ച തീരുമാനവും Dhanlaxmi ബാങ്കിൽ നിക്ഷിപ്തമായിരിക്കും.

11) പ്രസ്തുത വായ്പാ പദ്ധതിയിൽ അതാതു കാലങ്ങളിൽ ബാങ്ക് നിർദ്ദേശിക്കുന്ന പലിശ നിരക്കുകൾ ബാധകമായിരിക്കും.

12) പരമാവധി വായ്പാ തുക ബാങ്ക് നിശ്ചയിക്കുന്നതായിരിക്കും. എന്നാൽ വായ്പ തുകയുടെ **40% അല്ലെങ്കിൽ പരമാവധി 1,00,000/- രൂപ** വരെ ഒറ്റ ഗഡുവായിട്ടാണ് 'സമുന്നതി' **മൂലധന സബ്സിഡി**യായി അനുവദിക്കുന്നത്.

13) വായ്പ തിരിച്ചടവ് കാലാവധിയും വായ്പ ലഭിക്കുന്നതിന് അവശ്യം വേണ്ട ഘടകങ്ങളും ബാങ്ക് നിശ്ചയിക്കുന്നതായിരിക്കും.

14) സമുന്നതി നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം യോഗ്യത കൈവരിക്കുന്ന അപേക്ഷകൾ മാത്രമേ ലോൺ അനുവദിക്കുന്നതിന് Dhanlaxmi ബാങ്ക് പരിഗണിക്കുകയു ള്ളൂ.

15) ഇലക്ട്രിക് ഓട്ടോ വാങ്ങിയതിന് മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിൽ നിന്നും ഇ-വെഹിക്കിൾ പോളിസി പ്രകാരം അനുവദിക്കുന്ന ഇൻസെന്റീവ് കൈപ്പറ്റിയിട്ടുണ്ടെ ങ്കിൽ, സമുന്നതിയിൽ നിന്നും മൂലധന സബ്സിഡി അനുവദിക്കുന്നതല്ല.

16) സമുന്നതിയിൽ നിന്നുള്ള ധനസഹായം ലഭിക്കുന്നതിനായി, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിൽ നിന്നും EV Policy പ്രകാരമുള്ള ഇൻസെന്റീവ് കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

17) Commercial passenger വാഹനം ആയി മാത്രമേ ടി വാഹനം ഉപയോഗിക്കുവാൻ പാടുള്ളൂ.

18) ആരുടെ പേരിലാണോ വാഹനം അനുവദിക്കുന്നത്, പ്രസ്തുത വ്യക്തി മാത്രമേ വാഹനം ഓടിക്കുവാൻ പാടുള്ളൂ.

19) വാഹനകൈമാറ്റം ഒരുകാരണവശാലും അനുവദനീയമല്ല.

20) ഈ പദ്ധതി പ്രകാരം തെരെഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾ സമുന്നതിയുമായി 3 വർഷ കാലയളവിലേക്കുള്ള ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.

21) ലഭ്യമാകുന്ന അപേക്ഷകളുടെ സൂക്ഷ്മ പരിശോധന നടത്തി, യോഗ്യത കൈവരിക്കുന്ന ഏറ്റവും കുറഞ്ഞ കുടുംബ വാർഷിക വരുമാനമുളളവർക്ക് മുൻതൂക്ക പരിഗണന നൽകി, സർക്കാരിൽ നിന്നും ലഭിക്കുന്ന ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്, ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതാണ്. ഒരേ വരുമാനപരിധിയിൽ ഉള്ളവരെ പരിഗണിക്കുമ്പോൾ

   I. വിധവ
   II. മാരക രോഗം ഉള്ള അപേക്ഷക (അപേക്ഷാ സമയത്ത് ഓട്ടോ ഓടിക്കുന്നതിനുള്ള ആരോഗ്യം ഉണ്ടായിരിക്കണം.). / അപേക്ഷകർ ഉൾപ്പെട്ട റേഷൻകാർഡിൽ അംഗമായ അടുത്ത ബന്ധു. (ഉള്ളടക്കം ചെയ്യുന്ന രേഖകളുടെ അടിസ്ഥാനത്തിൽ)
   III. അപേക്ഷകയുടെ ഉയർന്ന പ്രായം .

എന്നീ ക്രമത്തിൽ മാനദണ്ഡങ്ങൾക്ക് മുൻതൂക്കം നൽകിയായിരിക്കും (ഉള്ളടക്കം ചെയ്യുന്ന രേഖകളുടെ അടിസ്ഥാനത്തിൽ) ആനുകൂല്യം അനുവദിക്കുന്നത്.

22) സമുന്നതി നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം യോഗ്യത കൈവരിച്ചിട്ടുണ്ട് എന്ന് ബാങ്ക് സർട്ടിഫിക്കറ്റ് നൽകുന്ന മുറയ്ക്ക് സമുന്നതിയിലെ ഉദ്യോഗസ്ഥർ മേലന്വേഷണം നടത്തുകയും RC ബുക്കും ഇൻഷ്വറൻസ് പേപ്പറുകളുമുൾപ്പെടെയുള്ള മറ്റ്രേഖകളും വാഹനവും പരിശോധിച്ച് ഉറപ്പ് വരുത്തിയശേഷം, മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിൽ നിന്നും EV Policy പ്രകാരമുള്ള ഇൻസെന്റീവ് കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രവും ഹാജരാക്കിയാൽ മാത്രമേ അപേക്ഷകന്റെ ലോൺ അക്കൗണ്ടിലേക്ക് ഒറ്റഗഡുവായി ധനസഹായം അനുവദിക്കുകയുള്ളൂ.

23) സബ്സിഡി വിതരണത്തിന് ശേഷം കരാർ കാലാവധിക്കുള്ളിൽ ഗുണഭോക്താവ് പദ്ധതി മാനദണ്ഡങ്ങളിൽ വീഴ്ച വരുത്തിയതായി സമുന്നതിയുടെ അന്വേഷണത്തിന്റെ ഏതെങ്കിലും ഘട്ടത്തിൽ തെളിയുന്ന പക്ഷം (രേഖകൾ സമർപ്പിക്കാത്തവ ഉൾപ്പടെ) , ഗുണഭോക്താവിന് അനുവദിച്ച ധനസഹായം 12% കൂട്ടുപലിശ ഉൾപ്പെടെ സമുന്നതിയുടെ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. തുടർന്ന് പ്രസ്തുത പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിനുള്ള അർഹത നഷ്ടപ്പെടുകയും ചെയ്യുന്നതാണ്.

24) സമുന്നതിയുടെ പൊതു അപേക്ഷയ്ക്കൊപ്പം, ലോണിനുള്ള Dhanlaxmi ബാങ്കിന്റെ അപേക്ഷയും അനുബന്ധ രേഖകളും ചേർത്ത് Dhanlaxmi ബാങ്കിന്റെ ബ്രാഞ്ചിൽ സമർപ്പിക്കേണ്ടതാണ്. Dhanlaxmi ബാങ്ക് പ്രസ്തുത അപേക്ഷകളിൽ സൂക്ഷ്മ പരിശോധനകൾ നടത്തി, ബാങ്ക് വായ്പയ്ക്ക് അർഹരാണെന്ന് കണ്ടെത്തി നൽകുന്ന അപേക്ഷകളിൽ സമുന്നതിയുടെ അനുമതിയോടെ, പദ്ധതി പ്രകാരം അർഹരായ അപേക്ഷകർക്ക് വായ്പ ലഭ്യമാക്കുന്നതുമാണ്.

25) ഈ പദ്ധതി പ്രകാരം വാഹനത്തിനായി സബ്സിഡി ആനുകൂല്യം ലഭിക്കുന്ന വ്യക്തികൾ പ്രസ്തുത വാഹനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ മറ്റ് സബ്സിഡി ആനുകൂല്യത്തിനായി അപേക്ഷിക്കുവാൻ പാടുള്ളതല്ല.

26) **അപേക്ഷ പൂർണ്ണമായും പൂരിപ്പിച്ചിരിക്കണം. അപേക്ഷയോടൊപ്പം നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ട രേഖകൾ ഉൾപ്പെടുത്താത്തതും അപൂർണ്ണവുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.**

27) വായ്പാ അപേക്ഷ സമർപ്പിച്ചു എന്നത് കൊണ്ട് വായ്പയ്ക്കോ, അനുബന്ധ സബ്സിഡിക്കോ അപേക്ഷക അർഹയാകുന്നതല്ല.

28) ഭരണ സൗകര്യാർത്ഥം മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കും. ധനസഹായം നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്.

29) അപേക്ഷകൾ നേരിട്ട് Dhanlaxmi ബാങ്കിൽ ലഭ്യമാക്കേണ്ടതാണ്.

30) അപേക്ഷാഫാറവും വിശദവിവരങ്ങളും www.kswcfc.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

31) അപേക്ഷകൾ ബാങ്കിൽ സമർപ്പിക്കേണ്ട അവസാന തീയതി **15/12/2026** ആണ്.

Sd/-
Managing Director

Photo

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

സമുന്നതി ഇ-യാത്ര (2026-27) -

വനിതകൾക്ക് ഇലക്ട്രിക് ഓട്ടോ വാങ്ങുന്നതിനുള്ള മൂലധന സബ്സിഡി പദ്ധതി

അപേക്ഷാ ഫോം

(നിബന്ധനകൾ പൂർണ്ണമായും വായിച്ച ശേഷം മാത്രം അപേക്ഷ പൂരിപ്പിക്കുക. പദ്ധതിയിലേക്ക് **വനിതകൾക്ക്** മാത്രമേ അപേക്ഷ സമർപ്പിക്കുന്നതിന് അർഹതയുള്ളൂ)

1.	അപേക്ഷകയുടെ പേര്	
2.	ജനനതീയതി, വയസ്സ് (SSLC/Birth സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്യേണ്ടതാണ്)	
3.	Gender	
4.	പൂർണ്ണമായമേൽവിലാസം (വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് സഹിതം)	
5.	ഫോൺ നമ്പർ	
6.	മതം,ജാതി (വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ് നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്)	

7.	**അപേക്ഷകന്റെ <u>കുടുംബ വാർഷിക വരുമാനം</u>** (വില്ലേജ് ഓഫീസർ നൽകുന്ന സർട്ടിഫിക്കറ്റ് നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്) (അപേക്ഷകർ ഉൾപ്പെട്ട റേഷൻകാർഡിൽ അംഗമായ വ്യക്തിയുടെ (അപേക്ഷകരുടെ/ പിതാവിന്റെ/ മാതാവിന്റെ/ രക്ഷകർത്താവിന്റെ) പേരിലായിരിക്കണം.) (***<u>വ്യക്തിഗത വാർഷിക വരുമാന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല).</u>*** (സിവിൽ സപ്ലൈസ് വകുപ്പ് മുഖേന ഏറ്റവും ഒടുവിൽ ലഭ്യമായിട്ടുള്ളത്)	
8.	അപേക്ഷകൻ സർക്കാർ/ അർദ്ധ സർക്കാർ/പൊതുമേഖല/ ബാങ്കിംഗ്/ കോർപ്പറേറ്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരോ, സർവ്വീസിൽ നിന്ന് വിരമിച്ചവരോ അവരുടെ ആശ്രിതരോ വിദേശത്ത് ജോലിചെയ്യുന്നവരോ അവരുടെ ആശ്രിതരോ ആണോ? (ആണെങ്കിൽവിശദവിവരം നൽകുക)	
9.	**റേഷൻകാർഡ് നമ്പർ** (സിവിൽ സപ്ലൈസ് വകുപ്പ് മുഖേന ഏറ്റവും ഒടുവിൽ ലഭ്യമായിട്ടുള്ളത്)	
10.	Driving License No (പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്)	
11.	ആധാർ നമ്പർ (പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്)	
12.	അപേക്ഷകയുടെ തൊഴിൽ	
13.	വിധവ ആണോ? (ആണെങ്കിൽ ആയത് തെളിയിക്കുന്ന രേഖ ഉള്ളടക്കം ചെയ്യേണ്ടതാണ്)	

14.	മാരക രോഗ ബാധിതയാണോ?/ മാരക രോഗബാധിതർ ഉൾപ്പെടുന്നുണ്ടോ? (സിവിൽ സപ്ലൈസ് വകുപ്പ് മുഖേന ഏറ്റവും ഒടുവിൽ ലഭ്യമായിട്ടുള്ള റേഷൻ കാർഡിന്റെ അടിസ്ഥാനത്തിലുള്ള അംഗങ്ങൾ) (ആണെങ്കിൽ ആയത് തെളിയിക്കുന്ന രേഖ ഉള്ളടക്കം ചെയ്യേണ്ടതാണ്)	
15.	വായ്പയ്ക്ക് അപേക്ഷ നൽകുന്ന ബ്രാഞ്ച്	

<u>സത്യപ്രസ്താവന</u>

പദ്ധതിയുടെ എല്ലാമാർഗ്ഗ നിർദ്ദേശങ്ങളും ഞാൻ വായിച്ച് ബോധ്യപ്പെട്ടിട്ടുള്ളതും, അതിൽ നിന്നും വ്യതിചലിക്കുകയില്ലായെന്നും, മുകളിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സത്യമാണെന്നും, തെറ്റായ വിവരങ്ങളുടെ അ ടിസ്ഥാനത്തിൽ ആനുകൂല്യം കൈപ്പറ്റുകയോ, മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടാതിരിക്കുകയോ ചെയ്യുന്ന പക്ഷം റവന്യൂ റിക്കവറി നടപടി പ്രകാരം അനുവദിച്ച ഗ്രാന്റ് 12% കൂട്ടുപലിശയുൾപ്പെടെ തിരിച്ചു പിടിക്കുന്നതിൽ എനിക്ക് വിരോധമില്ലായെന്നും ഇതിനാൽ സത്യപ്രതിജ്ഞ ചെയ്യുന്നു.

ഒപ്പ് :

അപേക്ഷകന്റെ പേര് :

തീയതി :

<u>അപേക്ഷയോടൊപ്പം ചുവടെ ചേർത്തിരിക്കുന്ന രേഖകൾ നിർബന്ധമായും ഉള്ളടക്കം ചെയ്യേണ്ടതാണ്</u>

1. അപേക്ഷകയുടെ/ അപേക്ഷക ഉൾപ്പെട്ട റേഷൻകാർഡിൽ അംഗമായ വ്യക്തിയുടെ (അപേക്ഷകരുടെ/ പിതാവിന്റെ/ മാതാവിന്റെ/ രക്ഷകർത്താവിന്റെ) പേരിലുള്ള **<u>കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ്</u>** (റവന്യൂ അധികാരി നൽകുന്ന വരുമാന സർട്ടിഫിക്കറ്റ്). (***<u>വ്യക്തിഗത വാർഷിക വരുമാന സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല)</u>***
2. ജാതിസർട്ടിഫിക്കറ്റ് (ജാതി തെളിയിക്കുന്ന രേഖ- വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് / SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖപ്പെടുത്തിയ പേജ്)
3. പുതിയ റേഷൻ കാർഡിന്റെ പകർപ്പ് (സിവിൽ സപ്ലൈസ് വകുപ്പ് മുഖേന ഏറ്റവും ഒടുവിൽ ലഭ്യമായിട്ടുള്ളത്) നിർബന്ധമായും ഹാജരാക്കേണ്ടതാണ്
4. പ്രായം തെളിയിക്കുന്ന രേഖ. (SSLC/Birth സർട്ടിഫിക്കറ്റിന്റ പകർപ്പ്)
5. LMV Driving License (പകർപ്പ്)
6. ആധാർ കാർഡ് (പകർപ്പ്)
7. **രേഖകൾ/സർട്ടിഫിക്കറ്റുകളിൽ അപേക്ഷകയുടെ പേര് വിവരമടക്കമുള്ളവയിൽ വ്യത്യാസമുള്ള പക്ഷം, ആയത് പരിഹരിക്കുന്നതിനുതകുന്ന '<u>One & the Same സർട്ടിഫിക്കറ്റ്</u>'.**
8. **അപേക്ഷക വിധവയോ മാരക രോഗത്തിന് ചികിത്സ തേടുന്ന വ്യക്തിയോ ആണെങ്കിൽ ആയത് തെളിയിക്കുന്നതിനാവശ്യമായ രേഖ/രേഖകൾ.**
9. **<u>EV Policy</u>** <u>പ്രകാരമുള്ള ഇൻസെന്റീവ് കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം</u> (മോട്ടോർ വാഹന വകുപ്പിൽ നിന്നും നൽകിയിട്ടുള്ളത്)
10. അപേക്ഷസമർപ്പിക്കുന്ന കവറിന് മുകളിൽ **<u>"സമുന്നതി- ഇ-യാത്ര (2026-27) പദ്ധതിയിലേയ്ക്കുള്ള അപേക്ഷ"</u>**എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.
11. **<u>അപേക്ഷകൾ ബാങ്കിൽ ലഭിക്കേണ്ട അവസാന തീയതി *15/12/2026.*</u>**

<u>NB: വായ്പ അനുവദിച്ചതിന് ശേഷം RC ബുക്കും ഇൻഷ്വറൻസ് പേപ്പറുകളുമുൾപ്പെടെയുള്ള മറ്റ്രേഖകളും വാഹനവും,</u> **<u>EV Policy</u>** <u>പ്രകാരമുള്ള ഇൻസെന്റീവ് കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്.</u>